**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2235** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | **Shri P. Thilothaman**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | വൈത്തിരി താലൂക്കിൽ റേഷൻ കാർഡ് കിട്ടാത്ത എത്ര ആദിവാസി കുടുംബങ്ങൾ അവശേഷിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇവർക്ക് റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ; | (എ) | വൈത്തിരി താലൂക്കിൽ 2020 ഡിസംബർ മാസം വരെ അപേക്ഷ നൽകിയ എല്ലാ ആദിവാസി കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ബഹു.എം.എൽ.എയുടെ പ്രത്യേക അദാലത്തുകൾ നടത്തി ഹാജരായ ആദിവാസി കുടുംബങ്ങളുടെ റേഷൻ കാർഡ് അപേക്ഷകളും തീർപ്പാക്കുകയുണ്ടായി. അക്ഷയ കേന്ദ്രങ്ങൾ മുഖേന ഈ മാസം വരെ ലഭിച്ച അപേക്ഷകൾ പരിശോധന നടത്തി റേഷൻ കാർഡുകൾ അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ വന്ന ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതുതായി റേഷൻകാർഡ് അനുവദിച്ച് നൽകി? | (ബി) | ഈ സർക്കാർ വന്ന ശേഷം 27,419 ആദിവാസി കുടുംബങ്ങൾക്ക് പുതുതായി റേഷൻകാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ